**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4278** **09-08-2021 - ൽ മറുപടിയ്ക്ക്**

**കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് കോഴ്സിന്റെ തത്തുല്യ യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഐ.ടി.ഐ.കളിൽ നടത്തിവരുന്ന കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA) എന്ന ട്രേഡിലുള്ള ഒരു വർഷം ദൈർഘ്യമുള്ള എൻ.ടി.സി. കോഴ്സ് സർട്ടിഫിക്കറ്റ്, കെ.ജി.ടി.ഇ. നടത്തുന്ന ഇംഗ്ലീഷ് & മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിന് തുല്ല്യമായി അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | 30-03-2017 ലെ സ.ഉ (എം.എസ്) നം.21/2017/ തൊഴിൽ പ്രകാരം കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA) ട്രേഡിലുള്ള എൻ.ടി.സി / എസ്.ടി.സി യോഗ്യത, ഡാറ്റാ എൻട്രി ഓപ്പറേറ്റർ കെ.ജി.ടി.ഇ ഇംഗ്ലീഷ് ആന്റ് മലയാളം ടൈപ്പ്റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് കോഴ്സുകളുടെ ഉയർന്ന യോഗ്യതയായും ഡാറ്റാ എൻട്രി ഓപ്പറേറ്റർ ട്രേഡിലുള്ള എൻ.ടി.സി / എസ്.ടി.സി യോഗ്യത കെ.ജി.ടി.ഇ ഇംഗ്ലീഷ് ആന്റ് മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് എന്നീ കോഴ്സുകളുടെ തത്തുല്യ യോഗ്യതയായും പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 15.12.2020 തീയതിയിലെ സ.ഉ.(കൈ) നം.56/2020/തൊഴിൽ പ്രകാരം കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA) ട്രേഡിലുള്ള എൻ.ടി.സി / എസ്.ടി.സി യോഗ്യത, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, കെ.ജി.ടി.ഇ (ഇംഗ്ലീഷ് ആന്റ് മലയാളം) ടൈപ്പ് റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രൊസസ്സിംഗ് എന്നീ കോഴ്സുകളുടെ ഉയർന്ന യോഗ്യതയാണ് എന്ന ഭാഗം ഒഴിവാക്കി ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധ മായി ചേർത്തിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് കോടതി ഉത്തരവുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 30.03.2017 ലെ സ.ഉ (എം.എസ്) നം. 21/2017/ തൊഴിൽ ഉത്തരവ് മേൽ പ്രതിപാദിച്ച ഭേദഗതികളോടെ നിലവിലുണ്ട്. |
| (ബി) | തൊഴിലും നൈപുണ്യവും (സി) വകുപ്പിന്റെ 30.03.2017 ലെ G.O.(MS)No.21/2017/LBR എന്ന ഉത്തരവ് പിന്നീട് ഭേദഗതി വരുത്തുകയോ ആയതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി ഉത്തരവുണ്ടാവുകയോ ചെയ്തിട്ടുണ്ടോ എന്ന് | (ബി) | 30-03-2017 ലെ സ.ഉ (എം.എസ്) നം.21/2017/ തൊഴിൽ പ്രകാരം കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA) ട്രേഡിലുള്ള എൻ.ടി.സി / എസ്.ടി.സി യോഗ്യത, ഡാറ്റാ എൻട്രി ഓപ്പറേറ്റർ കെ.ജി.ടി.ഇ ഇംഗ്ലീഷ് ആന്റ് മലയാളം |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | ടൈപ്പ്റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് കോഴ്സുകളുടെ ഉയർന്ന യോഗ്യതയായും ഡാറ്റാ എൻട്രി ഓപ്പറേറ്റർ ട്രേഡിലുള്ള എൻ.ടി.സി / എസ്.ടി.സി യോഗ്യത കെ.ജി.ടി.ഇ ഇംഗ്ലീഷ് ആന്റ് മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് എന്നീ കോഴ്സുകളുടെ തത്തുല്യ യോഗ്യതയായും പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 15.12.2020 തീയതിയിലെ സ.ഉ.(കൈ) നം.56/2020/തൊഴിൽ പ്രകാരം കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA) ട്രേഡിലുള്ള എൻ.ടി.സി / എസ്.ടി.സി യോഗ്യത, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, കെ.ജി.ടി.ഇ (ഇംഗ്ലീഷ് ആന്റ് മലയാളം) ടൈപ്പ് റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രൊസസ്സിംഗ് എന്നീ കോഴ്സുകളുടെ ഉയർന്ന യോഗ്യതയാണ് എന്ന ഭാഗം ഒഴിവാക്കി ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധ മായി ചേർത്തിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് കോടതി ഉത്തരവുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 30.03.2017 ലെ സ.ഉ (എം.എസ്) നം. 21/2017/ തൊഴിൽ ഉത്തരവ് മേൽ പ്രതിപാദിച്ച ഭേദഗതികളോടെ നിലവിലുണ്ട്. |
| (സി) | 30.03.2017 ലെ പ്രസ്തുത ഉത്തരവ് ഇപ്പോഴും പ്രാബല്യത്തിലുണ്ടോ; വ്യക്തമാക്കാമോ? | (സി) | 30-03-2017 ലെ സ.ഉ (എം.എസ്) നം.21/2017/ തൊഴിൽ പ്രകാരം കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA) ട്രേഡിലുള്ള എൻ.ടി.സി / എസ്.ടി.സി യോഗ്യത, ഡാറ്റാ എൻട്രി ഓപ്പറേറ്റർ കെ.ജി.ടി.ഇ ഇംഗ്ലീഷ് ആന്റ് മലയാളം ടൈപ്പ്റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് കോഴ്സുകളുടെ ഉയർന്ന യോഗ്യതയായും ഡാറ്റാ എൻട്രി ഓപ്പറേറ്റർ ട്രേഡിലുള്ള എൻ.ടി.സി / എസ്.ടി.സി യോഗ്യത കെ.ജി.ടി.ഇ ഇംഗ്ലീഷ് ആന്റ് മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് എന്നീ കോഴ്സുകളുടെ തത്തുല്യ യോഗ്യതയായും പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 15.12.2020 തീയതിയിലെ സ.ഉ.(കൈ) നം.56/2020/തൊഴിൽ പ്രകാരം കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA) ട്രേഡിലുള്ള എൻ.ടി.സി / എസ്.ടി.സി യോഗ്യത, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, കെ.ജി.ടി.ഇ (ഇംഗ്ലീഷ് ആന്റ് മലയാളം) ടൈപ്പ് റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രൊസസ്സിംഗ് എന്നീ കോഴ്സുകളുടെ ഉയർന്ന യോഗ്യതയാണ് എന്ന ഭാഗം ഒഴിവാക്കി ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധ മായി |

| | | | |
|---|---|---|---|
| | | | ചേർത്തിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് കോടതി ഉത്തരവുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 30.03.2017 ലെ സ.ഉ (എം.എസ്) നം. 21/2017/ തൊഴിൽ ഉത്തരവ് മേൽ പ്രതിപാദിച്ച ഭേദഗതികളോടെ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA) ട്രേഡിലുള്ള എൻ.റ്റി.സി / എസ്.റ്റി.സി യോഗ്യത ചില കോഴ്സുകളുടെ ഉയർന്ന യോഗ്യതയായി നിശ്ചയിച്ച് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

**സ.ഉ.(കൈ) നം.56/2020/തൊഴിൽ** തീയതി,തിരുവനന്തപുരം, 15/12/2020

പരാമർശം:- 1) സ.ഉ(കൈ) നം.21/2017/തൊഴിൽ, തീയതി, 30/03/2017

2) വിവിധ ഐ.ടി.ഐ കളിൽ നിന്നും സ്റ്റെനോഗ്രാഫി & സെക്രട്ടേറിയൽ അസിസ്റ്റന്റ് ട്രേഡ് (ഇംഗ്ലീഷ്) കഴിഞ്ഞ വിദ്യാർത്ഥിനികൾ സമർപ്പിച്ച നിവേദനം.

3) കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിന്റെ തുല്യത പരിശോധിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പിൽ രൂപീകരിച്ച വിദഗ്ദ സമിതിയുടെ 05.10.2020 ലെ റിപ്പോർട്ട്

4) ട്രെയിനിംഗ് ഡയറക്ടറുടെ 08.10.2020-ലെ ഡി.ടി/2702/2019-എഫ്1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA) ട്രേഡിലുള്ള എൻ.ടി.സി / എസ്.ടി.സി യോഗ്യത ഡാറ്റാ എൻട്രി ഓപ്പറേറ്റർ, കെ.ജി.ടി.ഇ ഇംഗ്ലീഷ് & മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് എന്നീ കോഴ്സുകളുടെ ഉയർന്ന യോഗ്യതയായും ഡാറ്റാ എൻട്രി ഓപ്പറേറ്റർ ട്രേഡിലുള്ള എൻ.റ്റി.സി / എസ്.റ്റി.സി യോഗ്യത കെ.ജി.റ്റി.ഇ ഇംഗ്ലീഷ് & മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് എന്നീ കോഴ്സുകളുടെ തത്തുല്ല്യ യോഗ്യതയായും പരിഗണിക്കുന്നതിന് അനുമതി നൽകി പരാമർശം - 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) വിവിധ ഐ.ടി.ഐ.കളിൽ നിന്നും സ്റ്റെനോഗ്രാഫി & സെക്രട്ടേറിയൽ അസിസ്റ്റന്റ് ട്രേഡ് (ഇംഗ്ലീഷ്) കഴിഞ്ഞ വിദ്യാർത്ഥിനികൾ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിലുള്ള എൻ.ടി.സി / എസ്.ടി.സി യോഗ്യത കെ.ജി.ടി.ഇ (ഇംഗ്ലീഷ് & മലയാളം) ടൈപ്പ് റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് എന്നിവയുടെ ഉയർന്ന യോഗ്യതയാണ് എന്ന് പ്രതിപാദിച്ച പരാമർശം - 1 ലെ ഉത്തരവ് പുനഃപരിശോധിക്കണം എന്ന് അഭ്യർത്ഥിച്ച് പരാമർശം - 2 പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. ഇക്കാര്യം വ്യാവസായിക പരിശിലന വകുപ്പിലെ വിദഗ്ദ്ധ സമിതി പരിശോധിക്കുകയും പരാമർശം - 3 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതിൽ കെ.ജി.ടി.ഇ തിയറി പാഠഭാഗങ്ങൾ എല്ലാം തന്നെ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിന്റെ സിലബസിൽ ഉണ്ട് എന്നും എന്നാൽ മിനിട്ടിൽ 35 വാക്കുകൾ എന്ന ടൈപ്പിംഗ് പ്രാക്ടിക്കൽ വേഗത പരിശോധിക്കുന്നതിനുള്ള പരീക്ഷകൾ നടത്തുന്നില്ല എന്നും സിലബസ് പ്രകാരം കെ.ജി.ടി.ഇ ടൈപ്പ് റൈറ്റിംഗ് (ഇംഗ്ലീഷ് & മലയാളം) ലോവറിന്

തുല്യമായുള്ള ടൈപ്പിംഗ് സ്പീഡോ വേർഡ് പ്രോസസിംഗ് സ്പീഡോ ഉറപ്പാക്കുന്ന വിധത്തിലുള്ള പരീക്ഷകൾ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിൽ ഇല്ല എന്നും ആയതിനാൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിലുള്ള എൻ.ടി.സി / എസ്.ടി.സി യോഗ്യത കെ.ജി.ടി.ഇ ടൈപ്പ് റൈറ്റിംഗ് (ഇംഗ്ലീഷ് & മലയാളം) ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് എന്നിവയ്ക്ക് തുല്യ / അധിക യോഗ്യതയായി കണക്കാക്കുവാൻ സാധിക്കില്ല എന്നും സൂചിപ്പിച്ചിരുന്നു. ആയതിനാൽ പരാമർശം - 1 ഉത്തരവിൽ നിന്നും കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിലുള്ള എൻ.ടി.സി / എസ്.ടി.സി യോഗ്യത, ഡാറ്റ എൻട്രി ഓപ്പറേറ്റർ, കെ.ജി.ടി.ഇ (ഇംഗ്ലീഷ് & മലയാളം) ടൈപ്പ് റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് എന്നീ കോഴ്സുകളുടെ ഉയർന്ന യോഗ്യത എന്നുള്ള ഭാഗം ഒഴിവാക്കണമെന്ന് പരാമർശം 4 ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തു.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. വ്യാവസായിക പരിശീലന വകുപ്പിലെ വിദഗ്ദ സമിതി റിപ്പോർട്ട്, ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ പരാമർശം - 1 ലെ ഉത്തരവിൽ നിന്നും കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA) ട്രേഡിലുള്ള എൻ.ടി.സി / എസ്.ടി.സി യോഗ്യത ഡാറ്റ എൻട്രി ഓപ്പറേറ്റർ, കെ.ജി.ടി.ഇ (ഇംഗ്ലീഷ് & മലയാളം) ടൈപ്പ് റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് എന്നീ കോഴ്സുകളുടെ ഉയർന്ന യോഗ്യതയാണ് എന്ന ഭാഗം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) പരാമർശം - 1 ലെ ഉത്തരവ് മേൽ പ്രതിപാദിച്ച ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നിഷ എസ്**
**അഡിഷണൽ സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം.)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്. (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.